LIBRARY ARCHIVES Kerala Legislative Assembly

കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി

24 (*204) ശ്രീ. വർക്കല കഹാർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം സ്ഥലങ്ങളാണ് അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പാലക്കാട് ജില്ലയിലെ അഗളി, നല്ലസിംഗം, കോട്ടത്തറ എന്നീ സ്ഥലങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡും എൻ.എച്ച്.പി.സി.-യുമായി ചേർന്ന് 82 മെഗാവാട്ടിന്റെ ഒരു കാറ്റാടി പദ്ധതി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സംസ്ഥാനത്ത് കാറ്റാടി നിലയങ്ങൾ സ്ഥാപിക്കാൻ മുന്നോട്ടു വരുന്ന സ്വകാര്യ സംരംഭകർക്ക് അതിനുതകുന്ന നയപരവും നടപടിപരവുമായ എല്ലാ സംവിധാനങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. ഇതിൻപ്രകാരം സംസ്ഥാനത്ത് ഇതുവരെ 32.85 മെഗാവാട്ട് കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കപ്പെട്ടു കഴിഞ്ഞു. ഇതിനു പുറമേ 28 മെഗാവാട്ടിന്റെ പദ്ധതികൾക്ക് അനെർട്ട് ടെക്നിക്കൽ അപ്രൂവൽ നൽകിയിട്ടുണ്ട്. കൂടാതെ 9.15 മെഗാവാട്ടിന്റെ പദ്ധതികൾക്ക് ടെക്നിക്കൽ അപ്രൂവൽ നല്കാനുള്ള നടപടികൾ അനെർട്ടിൽ പുരോഗമിച്ചു വരുന്നു.

(ബി) കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള ശാസ്ത്രീയ പഠനം അനെർട്ട് സംസ്ഥാന തലത്തിൽ നടത്തി വരുന്നു. കൂടാതെ കേന്ദ്ര പാരമ്പര്യേതര ഊർജ്ജ വകുപ്പിന്റേയും പ്രസ്തുത വകുപ്പിന്റെ കീഴിൽ ചെന്നൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ

LIBRARY ARCHIVES Kerala Legislative Assembly

ഫോർ വിന്റ് എനർജി ടെക്നോളജിയുടെയും (C-WET) സഹായത്തോടെ പഠനം നടത്തിയിട്ടുണ്ട്. കേരളത്തിൽ 26 സ്ഥലങ്ങളിൽ പഠനം പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ 17 സ്ഥലങ്ങൾ കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുവാൻ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇപ്പോൾ ഇത്തരത്തിലുള്ള പഠനം എട്ട് സ്ഥലങ്ങളിൽ നടന്നു വരുന്നു. C-WET പ്രസിദ്ധീകരിച്ചിട്ടുള്ള India Wind Atlas പ്രകാരം കേരളത്തിലെ കാറ്റിൽ നിന്നുള്ള വൈദ്യുതോത്പാദനശേഷി 790 മെഗാവാട്ട് ആണെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) കേരളത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ കാറ്റാടി വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കാനായി കേരള സർക്കാരും കേന്ദ്ര പൊതുമേഖലാ കമ്പനിയായ എൻ.എച്ച്.പി.സി. (NHPC)-യുമായി 6-1-2014-ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ധാരണാപത്രം അനുസരിച്ച് ആദ്യ ഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടി വൈദ്യുതി നിലയങ്ങളാണ് സ്ഥാപിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. എൻ.എച്ച്.പി.സി. തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം 18 മെഗാവാട്ട് ശേഷിയുള്ള പദ്ധതികൾ സ്ഥാപിയ്ക്കാനാവുന്ന അനുബന്ധ സൗകര്യങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇതിൽ 8 മെഗാവാട്ട് ഉടനടി തന്നെ പ്രസരണ ഗ്രിഡുമായി ബന്ധിപ്പിക്കാനാവുമെന്ന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉറപ്പാക്കിയിട്ടുണ്ട്. പ്രസരണ ലൈനുകൾ ശക്തിപ്പെടുത്തുന്നവ ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങൾ ഘട്ടങ്ങളായി വികസിപ്പിച്ച് പൂർണ്ണ ലക്ഷ്യം കൈവരിക്കാനാകും.

(ഇ) പാലക്കാട് ജില്ലയിലെ അഗളി, നല്ലസിംഗം, കോട്ടത്തറ എന്നീ പ്രദേശങ്ങളാണ് പദ്ധതി നടത്തിപ്പിനായി അനുയോജ്യമായി കണ്ടെത്തിയിട്ടുള്ളത്. പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തി കൈവശക്കാരനുമായി ധാരണയിലെത്താനുള്ള ഉത്തരവാദിത്വം കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NHPC-യ്ക്കാണ്. ഇതിന് സർക്കാർ ഭൂമി ആവശ്യമുണ്ടെങ്കിൽ ആയത് സർക്കാർ അംഗീകരിച്ച് നിലവിലുള്ള ഭൂമി പാട്ട വ്യവസ്ഥ പ്രകാരം NHPC-യ്ക്ക് ലഭ്യമാക്കുന്നതാണ്. മറ്റ് സ്വകാര്യ ഭൂമിയാണെങ്കിൽ ആയതിന്റെ ലഭ്യത ഉറപ്പു വരുത്തേണ്ടത് NHPC-യുടെ ഉത്തരവാദിത്വമാണ്. ഇതുവരെ ഇതിനായി കണ്ടെത്തിയ ഭൂമിയിൽ ആദിവാസികളുടെ ഉടമസ്ഥതയിലുള്ള ഭൂമി ഇല്ല എന്നാണ് മനസ്സിലാക്കുന്നത്. ആദിവാസികളുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണെങ്കിൽ സർക്കാരിന്റെ അറിവോടെ, പാട്ട വ്യവസ്ഥയിലും ലാഭവിഹിതം നൽകുമെന്ന വ്യവസ്ഥയിലും മാത്രമേ ഏറ്റെടുക്കാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്.